ഹദീസ്

# ഈ ഏഴ് ഉപദേശങ്ങൾ മുറുകെ പിടിക്കൂ

അബ്ദുർറശീദ് നദ്‌വി

عَنْ أَبِي ذَرٍّ، قَالَ: أَمَرَنِي خَلِيلِي صَلَّ اللهُ عَلَيْهِ وَسَلَّمَ بِسَبْعٍ: أَمَرَنِي بِحُبِّ الْمَسَاكِينِ، وَالدُّنُوِّ مِنْهُمْ، وَأَمَرَنِي أَنْ أَنْظُرَ إِلَى مَنْ هُوَ دُونِي، وَلاَ أَنْظُرَ إِلَى مَنْ هُوَ فَوْقِي، وَ أَمَرَنِي أَنْ أَصِلَ الرَّحِمَ وَإِنْ أَدْبَرَتْ، وَأَمَرَنِي أَنْ لَا أَسْأَلَ أَحَدًا شَيْئًا، وَ أَمَرَنِي أَنْ أَقُولَ بِالْحَقِّ وَإِنْ كَانَ مُرًّا، وَأَمَرَنِي أَنْ لَا أَخَافَ فِي اللهِ لَوْمَةَ لَائِمٍ، وَ أَمَرَنِي أَنْ أُكْثِرَ مِنْ قَوْلِ: لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ، فَإِنَّهُنَّ مِنْ كَنْزٍ تَحْتَ الْعَرْشِ.

**അബൂദർറുൽ ഗിഫാരി പറഞ്ഞു: "എന്റെ ആത്മസുഹൃത്ത് പ്രവാചകൻ തിരുമേനി എന്നോട് ഏഴ് കാര്യങ്ങൾ ആജ്ഞാപിക്കുകയുണ്ടായി. പാവങ്ങളെ സ്നേഹിക്കണമെന്നും അവരോട് ചേർന്നു നിൽക്കണമെന്നും എന്നോട് പറഞ്ഞു. പിന്നെ കൽപ്പിച്ചത് എന്നേക്കാൾ താഴെയുള്ളവരിലേക്ക് നോക്കാനാണ്; മുകളിലുള്ളവരിലേക്ക് നോക്കരുതെന്നും. പിന്നെയുള്ള കൽപനകൾ ഇങ്ങനെ: കുടുംബ ബന്ധം ചേർക്കുക; ബന്ധുക്കൾ അക്കാര്യത്തിൽ പിന്നോട്ടു പോയാലും. ആരോടും ഒന്നും ചോദിക്കരുത്. സത്യം പറയണം, അത് കയ്പുള്ളതാണെങ്കിലും. അല്ലാഹുവിന്റെ കാര്യത്തിൽ ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയക്കരുത്. 'ശക്തിയേതും അല്ലാഹുവിനല്ലാതെയില്ല' എന്ന വാക്യം ധാരാളമായി ഉരുവിട്ടുകൊണ്ടിരിക്കുക. ദൈവ സിംഹാസനത്തിന് താഴെയുള്ള നിധിയത്രെ ഇവയെല്ലാം."**

ഇമാം അഹ്മദ് തന്റെ മുസ്നദിൽ (21415) ഉദ്ധരിച്ച ഹദീസാണിത്. ഇബ്നു ഹിബ്ബാനും (449) ത്വബറാനിയും (7735) നസാഈയും ( 353) ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. എത്ര സാരസമ്പുഷ്ടമാണ് ഈ ഉപദേശങ്ങൾ എന്ന് നോക്കൂ. മനുഷ്യന് സന്തുഷ്ടിയും സൗഭാഗ്യവും കൈവരുന്നത് ഈ പ്രവാചകാധ്യാപനങ്ങൾ ജീവിതത്തിലേക്ക് പകർത്തുമ്പോഴാണ്. അപ്പോൾ മാത്രമാണ് ഒരാൾക്ക് അഭിമാനത്തോടെയും അന്തസ്സ് കളഞ്ഞു കുളിക്കാതെയും ജീവിക്കാനാവുക. എന്തൊക്കെയാണ് ആ ഉപദേശങ്ങൾ എന്ന് നോക്കാം.

ഒന്ന്: പാവങ്ങളെ, കഷ്ടപ്പെടുന്നവരെ സ്നേഹിക്കണം; അവരോട് ചേർന്നു നിൽക്കണം. ഹൃദയത്തിൽ ഈമാനും ആർദ്രതയും വിനയവും നിറയുക അപ്പോൾ മാത്രമാണ്. പാവങ്ങളെ അവഗണിക്കുന്നവരിൽ വളർന്നുവരിക അഹങ്കാരവും പൊങ്ങച്ചവും ക്രിമിനൽ വാസനയുമൊക്കെയായിരിക്കും. ഏത് ജനവിഭാഗത്തിലും ഭൂരിപക്ഷവും കഷ്ടപ്പെടുന്ന സാധാരണക്കാരായിരിക്കും. അവരെ ചേർത്തു പിടിക്കണമെന്ന് പറയുന്ന ഖുർആൻ വാക്യങ്ങളും പ്രവാചക വചനങ്ങളും ധാരാളമുണ്ട്. അവരായിരിക്കും പണക്കാരേക്കാൾ മുമ്പേ സർഗാവകാശികളാവുക എന്ന സൂചനയും നബിവചനങ്ങളിൽ വന്നിട്ടുണ്ട്.

രണ്ട്: പണം, അധികാരം, സ്ഥാനമാനങ്ങൾ, സൗന്ദര്യം, പലതരം ജീവിത സൗകര്യങ്ങൾ തുടങ്ങിയ ഭൗതികകാര്യങ്ങളിലൊക്കെ തന്നേക്കാൾ താഴെയുള്ളവരിലേക്ക് നോക്കണം. അത്തരം കാര്യങ്ങളിൽ തന്നേക്കാൾ മെച്ചപ്പെട്ട നിലയിലുള്ള ഒരുപാട് പേർ കാണും. അവരിലേക്കല്ല നോക്കേണ്ടത്. ഈ നിലപാട് പുലർത്തുന്നവർക്ക് അസൂയപ്പെടേണ്ടി വരില്ല. കിട്ടിയതുകൊണ്ട് അവർ സംതൃപ്തരാണ്. അതിന് രക്ഷിതാവിനോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യും. ഈ മനഃനസ്ഥിതിയിലാണ് ജീവിത സൗഭാഗ്യം കുടികൊള്ളുന്നത്.

മൂന്ന്: ഛേദിക്കപ്പെട്ടുപോയ കുടുംബ ബന്ധങ്ങൾ വിളക്കിച്ചേർക്കണം. താനല്ല, തന്റെ ബന്ധുക്കളാണ് തീർത്തും അന്യായമായി ആ ബന്ധങ്ങൾ മുറിച്ചു കളഞ്ഞതെങ്കിലും. ഇങ്ങനെയൊരു വിശാല മനസ്സ് നാം വളർത്തിയെടുത്താൽ അത് ഉപജീവനോപാധികളിൽ തുറസ്സുണ്ടാവാനും ആയുരാരോഗ്യങ്ങളിൽ അനുഗ്രഹങ്ങൾ ലഭിക്കാനും കുടുംബ ബന്ധങ്ങൾക്ക് അങ്ങേയറ്റം പവിത്രത നൽകിയ ലോകരക്ഷിതാവിന്റെ പ്രത്യേകമായ കരുണാകടാക്ഷങ്ങൾക്ക് പാത്രമാവാനും കാരണമാകും.

നാല്: ആളുകളോട് ചോദിക്കരുത് /യാചിക്കരുത്. കാരണം ചോദിക്കാതിരിക്കുന്നതിലാണ് ഐശ്വര്യം, അഭിമാനം, അന്തസ്സ്. യാചന അന്തസ്സിനെയും അഭിമാനത്തെയും ക്ഷതപ്പെടുത്തും. ചോദിക്കുന്നത് ആളുകൾക്ക് പൊതുവെ ഇഷ്ടമല്ല. ചിലപ്പോൾ അവർ കോപിക്കുകയും വെറുപ്പ് പ്രകടിപ്പിക്കുകയുമൊക്കെ ചെയ്തെന്നിരിക്കും. എന്നാൽ അല്ലാഹു പറയുന്നതാകട്ടെ; നിങ്ങൾ എന്നോട് ചോദിക്കൂ, എങ്കിൽ നിങ്ങൾ എന്റെ സ്വന്തക്കാരനാകും എന്നാണ്. എത്ര ചോദിച്ചാലും അവന്റെ ഇഷ്ടവും അടുപ്പവും കൂടുകയേയുള്ളൂ. അനുഗ്രഹങ്ങളുടെ കവാടങ്ങൾ നിങ്ങൾക്കു മുമ്പിൽ തുറന്നുവെക്കപ്പെടാനും അത് നിമിത്തമായേക്കും.

അഞ്ച്: കയ്പുറ്റതാണെങ്കിലും സത്യമേ പറയാവൂ. സത്യം പറഞ്ഞുകൊണ്ടു മാത്രമേ നമ്മിൽ അർപ്പിതമായ ദൈവികദൗത്യം നമുക്ക് നിറവേറ്റാനാവൂ. അല്ലാഹുവുമായുണ്ടാക്കിയ കരാർ കളവു പറഞ്ഞു കൊണ്ട് നമുക്ക് എങ്ങനെയാണ് പൂർത്തീകരിക്കാനാവുക? അതുകൊണ്ടാണ് സത്യവചനം ഉരുവിടുന്നതിനെ ഏറ്റവും മികച്ച ജിഹാദായി പരിചയപ്പെടുത്തിയിരിക്കുന്നത്. സത്യത്തോളം ശക്തി മറ്റൊന്നിനുമില്ല എന്ന് മനസ്സിലാക്കണം.

ആറ്: അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിക്കുമ്പോൾ ഭയപ്പെടുത്തലുകളുണ്ടാവും, ആക്ഷേപശകാരങ്ങളുണ്ടാകും. ഒന്നിനെയും വകവെക്കരുത്. ആളുകളെ തൃപ്തിപ്പെടുത്തുകയാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ അതൊരിക്കലും നിങ്ങൾ നേടാൻ പോകുന്നില്ല. ആളുകളുടെ വിലയിരുത്തലുകൾക്ക് അല്ലാഹുവിന്റെ അടുക്കൽ ഒരു വിലയുമില്ല. മനുഷ്യർക്ക് എന്ത് കഴിവാണുള്ളത്? ജീവിതമരണങ്ങൾ അവരുടെ നിയന്ത്രണത്തിലാണോ? ദുരന്തങ്ങൾ തടയാനും അനുഗ്രഹവർഷങ്ങൾ ഇല്ലാതാക്കാനും അവർക്ക് കഴിയുമോ? പിന്നെയെന്തിന് അവരുടെ ജൽപ്പനങ്ങളെ നിങ്ങൾ ഭയപ്പെടണം?

എഴ്: ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ് / സർവശക്തിയും സന്നാഹങ്ങളും അല്ലാഹുവിനു മാത്രം എന്ന വചനം നിങ്ങളുടെ നാവിലും മനസ്സിലും നിറഞ്ഞു നിൽക്കണം. തവക്കുലിന്റെ/അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിന്റെ ആധാരശിലയാണ് ഈ അടിയുറച്ച ബോധ്യം. ചെയ്യാവുന്നതിന്റെ പരമാവധി ചെയ്ത് ബാക്കിയെല്ലാം അല്ലാഹുവിന് വിടുക. അതിനാൽ ആളുകൾ എന്തു പറയുന്നു എന്നത് വിശ്വാസിക്ക് പ്രശ്നമേയല്ല. ●